മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഇടവണ്ണ, വെള്ളുവപ്രം എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 33 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; ഇത് എന്ന് കമ്മിഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

മഞ്ചേരി നിയോജകമണ്ഡലത്തിലെ ഇടവണ്ണ, വെള്ളുവപ്രം എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ദർഘാസുകൾ തുറന്ന് ഇവാല്യൂവേഷൻ നടത്തിവരുന്നു. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ലഭിച്ചുകഴിഞ്ഞാൽ ഒരു വർഷത്തിനകം സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാനാകുമെന്നാണ് കരുതുന്നത്.

തില്ലങ്കരി സബ് എഞ്ചിനീയർ ഓഫീസ്

105 (1772) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ തില്ലങ്കരിയിൽ ഒരു കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുപ്രകാരം സബ് എഞ്ചിനീയർ ഓഫീസ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഉദ്യോഗസ്ഥൻമാരെ നിയമിച്ച് ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നറിയിക്കുമോ ?

ഉത്തരം

(എ) തില്ലങ്കരിയിൽ ഒരു ഓവർസിയർ ഓഫീസ് ആരംഭിക്കണമെന്നും പണമടയ്ക്കാനുള്ള സൗകര്യവും ചെയ്തു തരണമെന്നാവശ്യപ്പെട്ടുകൊണ്ട് 1997 നവംബറിൽ ഒരു നിവേദനം ലഭിച്ചിരുന്നു.

(ബി) അനുവദിച്ചിട്ടുണ്ട്. 15-4-1998-ൽ പണമടയ്ക്കാനുള്ള സൗകര്യത്തോടുകൂടിയ ഒരു ഓവർസിയർ ഓഫീസ് അനുവദിച്ചു. എല്ലാ ഓവർസിയർ ഓഫീസുകളും സബ് എഞ്ചിനീയർ ഓഫീസുകൾ ആക്കുന്നതിന്റെ ഭാഗമായി 28-10-1999-ൽ പ്രസ്തുത ഓഫീസ് സബ് എഞ്ചിനീയർ ഓഫീസാക്കി ഉയർത്തുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഈ ഓഫീസിലേയ്ക്ക് പ്രത്യേകമായി സ്റ്റാഫിനെ നിയമിച്ചിട്ടില്ല. സെക്ഷനാഫീസിൽ നിലവിലുള്ള സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് ഈ ഓഫീസിലേയ്ക്ക് സ്റ്റാഫിനെ ലഭ്യമാക്കാൻ കഴിയാതെപോയത്. കഴിയുന്നതും വേഗം സ്റ്റാഫിനെ നിയമിക്കുന്നതാണ്.

കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ

106 (1773) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് സിറ്റി ഡിവിഷനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം പൂർത്തിയായോ ;

(ബി) പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന മേൽ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് ഉത്തരവുണ്ടാകുമോ ;

(സി) എങ്കിൽ കക്കോടി സെക്ഷൻ എന്നത്തേയ്ക്ക് സിറ്റി ഡിവിഷനിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സാധ്യതാ പഠനം പൂർത്തിയായിവരുന്നു.

(ബി&സി) സാധ്യതാ പഠനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുമ്പോൾ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഉപകരണങ്ങളുടെ നിർമ്മാണം

107 (1774) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു ;

(ബി) ഈ യൂണിറ്റുകളിൽ എന്തെല്ലാം ഉപകരണങ്ങളാണ് നിർമ്മിക്കുന്നത്;

(സി) ഇവിടെ ഉൽപ്പാദിപ്പിച്ച എന്തു തുകയ്ക്കുള്ള ഉപകരണങ്ങൾ കെട്ടികിടപ്പുണ്ട് ;

(ഡി) 1997-98, 1998-99, 1999-2000 ഇതുവരെയും എന്തു തുകയ്ക്കുള്ള ഉപകരണങ്ങൾ പുറത്തു നിന്നും വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly